Page 1 of 2

ഉത്തരം

(എ) പള്ളാത്തുരുത്തി, നെടുമുടി ഹൗസ് ബോട്ട് ടെർമിനലുകളുടെ പ്ലാനുകൾ യഥാക്രമം കൈനകരി, നെടുമുടി പഞ്ചായത്തുകളുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. സ്ട്രക്ച്ചറൽ ഡിസൈനുവേണ്ടി മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് ആർക്കിടെക്ടിന് സമർപ്പിച്ചിട്ടുണ്ട്. സ്ട്രക്ച്ചറൽ ഡിസൈൻ ലഭിച്ചാൽ മാത്രമേ ടെണ്ടറിംഗ് നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

നെടുമുടിയിൽ മണ്ണുപരിശോധന നടത്തി വിശദമായ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) വട്ടക്കായലിൽ നൈറ്റ് ഹാൾട്ട് ടെർമിനലിന്റെ നിർമ്മാണം E-tender മുഖേന M/s.EKK Construction-നെ ഏൽപ്പിച്ചിട്ടുണ്ട്. പണി ദ്രുതഗതിയിൽ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കരുമാടി വിളക്കുമരം നൈറ്റ് ഹാൾട്ട് ടെർമിനലിന്റെ വിശദമായ റിവൈസ്ഡ് പ്ലാൻ തയ്യാറാക്കി വരുന്നു.

## പാലക്കാട് ജില്ലയിലെ ടൂറിസം പദ്ധതികൾ

248 (6953) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ടൂറിസം വകുപ്പ് ആരംഭിക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഓരോ പദ്ധതിക്കുമായി നീക്കിവെച്ചിട്ടുള്ള തുകയും പദ്ധതികളുടെ വിശദവിവരങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## വിനോദസഞ്ചാര മേഖലയെ തകർച്ചയിൽനിന്ന് സംരക്ഷിക്കുന്നതിന് പദ്ധതി

249 (6954) ശ്രീ. സി. ദിവാകരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവ് കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരത്തിൽ കുറയുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിനോദസഞ്ചാര മേഖലയെ തകർച്ചയിൽ നിന്ന് സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) ഇല്ല. വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ വർഷം തോറും വർദ്ധനവാണ് കാണിക്കുന്നത്. 2013 കലണ്ടർ വർഷത്തിൽ 10857811 തദ്ദേശ ടൂറിസ്റ്റുകളും 858143 വിദേശ ടൂറിസ്റ്റുകളും കേരളം സന്ദർശിച്ചിട്ടുണ്ട്. ഇതിൽ തദ്ദേശ ടൂറിസ്റ്റുകളിൽ 7.75% വർദ്ധനവും വിദേശ ടൂറിസ്റ്റുകളിൽ 8.12% വർദ്ധനവുമാണ് ഉണ്ടായിട്ടുള്ളത്. മുൻ വർഷങ്ങളുമായി താരതമ്യം ചെയ്ത വിവരം ചുവടെ ചേർക്കുന്നു:

| വർഷം | വിദേശ ടൂറിസ്റ്റുകൾ | തദ്ദേശ ടൂറിസ്റ്റുകൾ |
|---|---|---|
| 2011 | 732985 | 9381455 |
| 2012 | 793696 | 10076854 |
| 2013 | 858143 | 10857811 |

വിനോദസഞ്ചാര മേഖലയിൽ നിന്നും 2013 കലണ്ടർ വർഷത്തിൽ സംസ്ഥാനത്തിന് 22926.55 കോടി രൂപ വരുമാനമുണ്ടായി. ഇതിൽ 5560.77 കോടി രൂപ വിദേശ നാണ്യമായും ലഭിച്ചു. മുൻ വർഷങ്ങളുമായി താരതമ്യം ചെയ്ത കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | വരുമാനം | വിദേശനാണ്യം |
|---|---|---|
| 2011 | 19037.00 | 4221.99 |
| 2012 | 20430.00 | 4571.69 |
| 2013 | 22926.55 | 5560.77 |

## ഈസ്റ്റേൺ ടൂറിസം കോറിഡോർ

250 (6955) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈസ്റ്റേൺ ടൂറിസം കോറിഡോർ പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly